ജീവിതം ധന്യവും പുതിയതും


# റിവൈവ്

വാല്യം 12, ലക്കം 4 | ഏപ്രിൽ 2019 | ഹെബ്രോൻ, കുമ്പനാട്, കേരള | www.revivemegod.org



## ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി

# ഗ്രാഡുവേഷൻ സർവ്വീസ് 2019



എഡിറ്റോറിയൽ



പാസ്റ്റർ സാജു ജോസഫ്

# ക്രൂശിന്റെ ശക്തി

**കഴിഞ്ഞ** ഇരുപതിലധികം നൂറ്റാണ്ടുകളായി ലോകത്തിൽ തെളിയിക്കപ്പെട്ടിരിക്കുന്നതാണ് ക്രൂശിന്റെ ശക്തി. ക്രൂശിന്റെ ശക്തി സ്നേഹത്തിന്റെ ശക്തിയാണ്. കുടുംബങ്ങൾ, സ്നേഹിതർ, രാഷ്ട്രം എന്നിവയെ ഒന്നാക്കി നിർത്തുന്ന വികാരം സ്നേഹമാണ്. ലോകത്തിന്റെ ഏറ്റവും ശക്തമായ ബന്ധം 'രക്തബന്ധമാണ്' എന്നാൽ 'സ്നേഹബന്ധം' രക്തബന്ധത്തേക്കാൾ വിലയേറിയതാണ്. ക്രൂശിന്റെ ശക്തി സ്നേഹത്തിന്റെയും ശക്തിയാണ്. അത് ദൈവസ്നേഹത്തിന്റെയും യേശുവിന്റെ രക്തത്തിന്റെയും ശക്തിയാണ്.

പാപികളായ മനുഷ്യവർഗ്ഗത്തോടുള്ള ദൈവസ്നേഹത്തിന്റെ ശക്തിയാണ് യേശുവിന്റെ ക്രൂശിന്റെ രത്നച്ചുരുക്കം. ക്രൂശീകരണത്തിന്റെ സന്ദേശത്തിൽ സുവിശേഷ സന്ദേശം അടങ്ങിയിരിക്കുന്നു. ക്രൂശിന്റെ സന്ദേശം മരം കൊണ്ടുള്ള ഒരു ഉപകരണത്തിന്റെ വിവരണമല്ല, മറിച്ച് ദൈവപുത്രൻ ക്രൂശിൽ സഹിച്ച കഷ്ടപ്പാടുകളും മരണവും ആണ് ആ സന്ദേശം. പെന്തെക്കോസ്തു നാളിൽ അപ്പോസ്തലനായ പത്രോസ് നടത്തിയ പ്രസംഗത്തിലും ഈ സത്യം തെളിയിക്കപ്പെട്ടിട്ടുണ്ടായിരുന്നു.

കുരിശ് ഒരു വലിയ വൈരുദ്ധ്യമാണ്. മരണവും ജീവനും, വെറുപ്പും സ്നേഹവും, അക്രമവും സമാധാനവും, ആരോപണവും ക്ഷമയും, പാപവും വിശുദ്ധിയും, തകർച്ചയും ഒന്നാക്കലും, എല്ലാം ലഭിക്കുന്നതും എല്ലാം നഷ്ടപ്പെടുന്നതും, നാശവും വീണ്ടെടുക്കലും, പരാജയവും വിജയവും ഇവയുടെയെല്ലാം വൈരുദ്ധ്യം ക്രൂശിൽ ഒത്തുചേർന്നിരിക്കുന്നത് നാം കാണുന്നു. ഒരിക്കൽ ഏറ്റവും ക്രൂരമായ വധരീതിയായിരുന്നത് ഇന്ന്, സമൃദ്ധിയായ ജീവന്റെ പ്രതീകമായിരിക്കുന്നു.

ക്രിസ്തു മരിച്ചത് പാപികൾക്ക് വേണ്ടിയാണ്. തങ്ങളുടെ വഴി നഷ്ടപ്പെട്ടവർക്കു വേണ്ടിയാണ് യേശു മരിച്ചത്. മരണം യേശുവിന്റെ മേൽ അടിച്ചേൽപ്പിക്കപ്പെടുകയായിരുന്നില്ല. അത് യേശുവിന്റെ തെരഞ്ഞെടുപ്പ് ആയിരുന്നു. സ്നേഹത്തിൽ യേശു നടത്തിയ തെരഞ്ഞെടുപ്പായിരുന്നു അത്. 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമ. 5:8). യേശു വീണ്ടും പാപികളെ സ്നേഹിക്കുന്നു. യേശു തന്റെ ജീവൻ അവർക്കായി നൽകി. യേശുവിന്റെ സ്നേഹം എന്നതാണ് ക്രൂശിന്റെ സന്ദേശം. എല്ലാത്തിലും ഉപരിയായി ക്രൂശ് സ്നേഹത്തിന്റെ പ്രതീകമാണ്.

ആൻഡ്രു മുറെ ഇപ്രകാരം പറയുന്നു: "ദൈവനീതി ഇനിയും മനുഷ്യനെ ഭയപ്പെടുത്തുന്നില്ല. മറിച്ച് അത് മനുഷ്യനെ ഒരു സ്നേഹിതനായി കാണുന്നു. പൂർണ്ണ നീതീകരണമാണ് അത് വാഗ്ദത്തം ചെയ്യുന്നത്. ദൈവമുഖം മാനസാന്തരപ്പെടുന്ന പാപിയുടെ മേൽ ദീപ്തമാകുന്നു. ദൈവം മാനസാന്തരപ്പെട്ട പാപിയെ താനുമായുള്ള കൂട്ടായ്മയ്ക്കായി ക്ഷണിക്കുന്നു. അനുഗ്രഹ കലവറ അവനായി ദൈവം തുറന്നുകൊടുക്കുന്നു. അവനെ ദൈവത്തിൽ നിന്നും വേർതിരിക്കുന്ന യാതൊന്നും തന്നെയില്ല." ഇതാണ് ക്രൂശിന്റെ ശക്തി.

നമ്മുടെ രാഷ്ട്രത്തിലും പുറത്തും മനുഷ്യജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന ക്രൂശിന്റെ അത്ഭുതശക്തി പൂർണ്ണധൈര്യത്തോടെ നമുക്ക് ഘോഷിക്കാം. ദൈവം നമ്മെ അതിനായി ബലപ്പെടുത്തട്ടെ. ●



# കുരിശിൻ നിഴലിലെ സ്ത്രീകൾ





**പാസ്റ്റർ ഡി. സാംകുട്ടി**
ഫാക്കൽറ്റി, ഇന്ത്യാ ബൈബിൾ
കോളജ് & സെമിനാരി, കുമ്പനാട്

**"യേശുവിന്റെ** ക്രൂശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു" (യോഹ. 19:25). യേശുക്രിസ്തുവിന്റെ ക്രൂശിന്റെ സമീപം നിന്ന സ്ത്രീകളെക്കുറിച്ചാണ് ഇവിടെ പറയുന്നതെങ്കിലും യേശുക്രിസ്തുവിന്റെ ക്രൂശുമരണം സ്ത്രീ സമൂഹത്തിന് എത്രമാത്രം ഉയർച്ചയ്ക്കു കാരണമായിരുന്നു എന്ന് ഈ ലേഖനത്തിൽക്കൂടെ സമർത്ഥിക്കുകയാണ്.

ഈ ലോകത്തിൽ ഏതു കാര്യസാധ്യത്തിനും മൂന്നു കാര്യങ്ങൾ ആവശ്യമാണ്. സമയം, പണം, ജനങ്ങൾ എന്നിവയാണ് മൂന്നു കാര്യങ്ങൾ. ലോകത്തെ സുവിശേഷീകരിക്കുക എന്ന വലിയ ദൗത്യം നിറവേറ്റപ്പെടാതിരിക്കുവാൻ വേണ്ടി പിശാച് വിജയകരമായ ഒരു മാർഗ്ഗം ഉപയോഗിച്ചു. അതിൽ വിജയിച്ചു; അതായത് തിരുവെഴുത്തിലെ ചില പദപ്രയോഗങ്ങൾക്ക് തെറ്റായ വ്യാഖ്യാനം കൊടുത്തു, സ്ത്രീകൾക്ക് സുവിശേഷ പ്രവർത്തനത്തിൽ പങ്കെടുക്കാൻ അവസരം നഷ്ടപ്പെടുത്തി. പുരുഷനേയും സ്ത്രീയേയും സംബന്ധിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം സൃഷ്ടിപ്പിൽ പ്രകടമായിരുന്നു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയെ അടക്കി വാഴുക (ഉല്പ. 1:28). സ്ത്രീകൾക്ക് വിശുദ്ധ വേദപുസ്തകം പഴയ നിയമത്തിലും പുതിയനിയമത്തിലും ഉത്തമമായ സ്ഥാനം കൊടുക്കുന്നുണ്ട്.

കുടുംബജീവിതത്തിന്റെ വിജയത്തിലും പരാജയത്തിലും സ്ത്രീയുടെ പങ്ക് വലിയതാണ്. യേശുക്രിസ്തുവിന്റെ കാലത്ത് യെഹൂദ സ്ത്രീകൾക്ക് ആലയത്തിലും സിനഗോഗുകളിലും ആരാധനയിൽ വലിയ പങ്കൊന്നും വഹിക്കാൻ അവകാശം ഇല്ലായിരുന്നു. വേദപുസ്തകത്തിന്



ഗ്രാഡുവേറ്റ്സ് മാർച്ച് പാസ്റ്റ് (പെൺകുട്ടികൾ)

**യേശുവിന്റെ ക്രൂശുമരണവും പുനരുത്ഥാനവും സ്ത്രീയെ തന്റെ തള്ളപ്പെട്ട അവസ്ഥയിൽ നിന്നും ഉയർത്തി അവന്റെ രാജ്യത്തിൽ അവകാശപ്പെട്ട സ്ഥാനം തിരിച്ചു നൽകി. ക്രൂശ് ശാപത്തിന്റെ പ്രതീകമാണെങ്കിലും അത് സ്ത്രീയുടെ ശുശ്രൂഷയുടെയും വിശ്വാസത്തിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും സ്ഥലം ആണ്.**

നിരക്കാത്ത ഒരു സ്ഥാനത്തേക്ക് സ്ത്രീകൾ താഴ്ത്തപ്പെട്ടു. ദൈവാലയത്തിലെ ഒരു പ്രത്യേക ഭാഗം സ്ത്രീകൾക്കുള്ള പ്രാകാരമായി വേർതിരിച്ചിരുന്നു. അകത്തെ പ്രാകാരത്തിലേക്ക് അവർക്ക് പ്രവേശനമില്ലായിരുന്നു. സിനഗോഗുകളിൽ വായിക്കുന്നതിനോ പ്രസംഗിക്കുന്നതിനോ അവർക്ക് അവകാശവുമില്ലായിരുന്നു.

യേശുവിന്റെ കാലത്തുണ്ടായിരുന്ന യഹൂദ ദേവാലയത്തിൽ തങ്ങളുടെ മതപരമായ ആചാരങ്ങളിൽ സ്ത്രീപുരുഷ വിഭാഗീയതയ്ക്കും വർഗ്ഗീയമായ ചിന്തകൾക്കും ഊന്നൽ നൽകിയിരുന്നു. അവിടെ ആറ് വെവ്വേറെ മുറികളും അങ്കണങ്ങളും ഉണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ടവയായിരുന്നു സ്ത്രീകൾക്കുള്ള പ്രാകാരവും ജാതികൾക്കു വേണ്ടിയുള്ള പ്രാകാരവും.

ഇപ്രകാരമുള്ള പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം യേശുവിന്റെ ക്രൂശിനരികെ നിൽക്കുന്ന സ്ത്രീകളെ വീക്ഷിക്കുവാൻ. തന്നോടുകൂടെ ഇരിക്കുവാനും പ്രസംഗിക്കുന്നതിന് അയയ്ക്കാനും ഭൂതങ്ങളെ പുറത്താക്കുന്നതിന് അധികാരം ഉണ്ടാകുന്നതിനുമായി വലിയ കൂട്ടം ശിഷ്യന്മാരിൽ നിന്ന് യേശു 12 പേരെ തെരഞ്ഞെടുത്തു. അവർക്ക് അപ്പോസ്തലന്മാർ എന്നു പേരിട്ടു. ഇവർ തങ്ങളുടെ ദൗത്യം മറന്ന് കർത്താവിനോടുള്ള ബന്ധം വിച്ഛേദിച്ച് ഭയപ്പെടുന്നതായി കാണുന്നു. ഈ 12 പേരിൽ പിന്നെയും 3 പേർ കർത്താവിന് വളരെ പ്രിയമുള്ളവർ ആയിരുന്നു. അവർ പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവർ ആയിരുന്നു. അവരും പരാജയപ്പെട്ടു. അകലം വിട്ട് പിൻപറ്റുന്നു. അവർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയി എന്ന് മത്തായി സുവിശേഷത്തിൽ സാക്ഷിക്കുന്നു (മത്താ. 26:56). മാത്രമല്ല, കർത്താവിനെ തള്ളിപ്പറയുകയും ചെയ്യുന്നു (മത്താ. 26:72). എന്നാൽ തങ്ങളുടെ ജീവനെപ്പോലും യേശുവിനായി നൽകുകാൻ ധീരരായ വനിതകൾ തയ്യാറായിരുന്നു. ഭയം നിറഞ്ഞ പുരുഷന്മാർ തങ്ങളുടെ ജീവനെ രക്ഷിക്കുവാൻ ഓടിപ്പോയി.

യേശുക്രിസ്തുവിനെ ക്രൂശിക്കുവാനായി കൊണ്ടുപോകുമ്പോൾ മഹാപുരോഹിതന്മാരും സദൂക്യരും പരീശന്മാരും പടയാളികളും കൂടാതെ ദുഷിക്കുവാനും പഴിക്കുവാനും വലിയ ഒരുകൂട്ടവും കൂടെപ്പോകുന്നുണ്ട്. എന്നാൽ അവരിൽ നിന്നും വ്യത്യസ്തരാകുകയാണ് മുകളിൽ പേരുപറയാത്ത സഹോദരിമാർ. യേശുവിന്റെ ക്രൂശീകരണത്തിന്റെ വേദന സ്വന്ത ശരീരത്തിൽ വഹിക്കുന്നതുപോലെ അനുമാനിച്ച് അവർ കരഞ്ഞപ്പോൾ അരുമനാഥനായ കർത്താവ് പറഞ്ഞത് “എന്നെ ഓർത്തു കരയണ്ട. നിങ്ങളേയും നിങ്ങളുടെ മക്കളേയും ഓർത്തു കരയുക.” യേശുവിന്റെ ക്രൂശിനരികിൽ നിൽക്കുക മാത്രമല്ല, അനന്തരം യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം വഹിക്കുവാനും മഗ്ദലക്കാരത്തി മറിയത്തിന് കഴിഞ്ഞു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഇരുട്ടുള്ളപ്പോൽത്തന്നെ മദ്ഗലക്കാരത്തി മറിയ കല്ലറയ്ക്കൽ വന്നു. കല്ലറ തുറന്നിരിക്കുന്ന കാര്യം പത്രോസിനെയും യോഹന്നാനേയും അറിയിച്ചു. അവർ വന്ന് തുറന്ന കല്ലറ കണ്ടു മടങ്ങിപ്പോയി. എന്നാൽ മറിയ കല്ലറയ്ക്കൽ കരഞ്ഞുകൊണ്ടു നിൽക്കുന്നു. ഉയർത്തെഴുന്നേറ്റ ദൈവപുത്രൻ മറിയയ്ക്ക് പ്രത്യക്ഷനാകുകയും അവളുടെ പേരു വിളിക്കുകയും ചെയ്യുന്നു. സുരക്ഷിതത്വമില്ലായ്മയോ ഭയമോ അവളെ ബാധിച്ചില്ല. സാഹചര്യത്തെ പഴിക്കാതെ കർത്താവിനോടുള്ള സ്നേഹവും നന്ദിയും അവൾ പ്രകടമാക്കുകയായിരുന്നു. ആ പ്രഭാതത്തിൽ അവൾക്ക് ഉയർത്തെഴുന്നേറ്റ യേശുവിനെ കാണാൻ കഴിഞ്ഞു (യോഹ. 20:15). അനന്തരം വലിയ നിയോഗം യേശുക്രിസ്തു മറിയയ്ക്കു കൊടുക്കുന്നു. “ഞാൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്ന വിവരം ശിഷ്യന്മാരെ ചെന്ന് അറിയിക്കുക” എന്നതായിരുന്നു അവൾക്കു ലഭിച്ച ദൗത്യം. ലോകം ഇന്നും ഈ സത്രീയെ പുകഴ്ത്തുന്നു. ജീവനെ ഭയപ്പെടാതെ ക്രൂശിനരികെ നിന്ന സ്ത്രീക്കു ലഭിച്ച പദവി ശ്രേഷ്ഠമേറിയതു തന്നെ.

സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന സ്ത്രീ ഉയർത്തെഴുന്നേറ്റു വരുന്ന ഭാഗമാണ് നാം ഇവിടെ കാണുന്നത്. യേശുവിന്റെ ക്രൂശുമരണവും പുനരുത്ഥാനവും സ്ത്രീയെ തന്റെ തള്ളപ്പെട്ട അവസ്ഥയിൽ നിന്നും ഉയർത്തി അവന്റെ രാജ്യത്തിൽ അവകാശപ്പെട്ട സ്ഥാനം തിരിച്ചു നൽകി. ക്രൂശ് ശാപത്തിന്റെ പ്രതീകമാണെങ്കിലും അത് സ്ത്രീയൂടെ ശുശ്രൂഷയുടെയും വിശ്വാസത്തിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും സ്ഥലം ആണ്. സ്ത്രീ സമൂഹത്തെ ഉയർത്തുവാൻ ക്രൂശ് വഹിച്ച പങ്ക് അവർണ്ണനീയം.

“നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.” ഈ ദൗത്യം ജാതി-മത-നിറ-ലിംഗ ഭേദമെന്യെ സകല വിശ്വാസികൾക്കും ഉള്ളതായിരുന്നു (മത്താ. 16:15). യേശുവിന്റെ ഉയർപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം മർക്കോസിന്റെ മാളികമുറിയിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും ഉണ്ടായിരുന്നതായും അവർ എല്ലാവരും പരിശുദ്ധാത്മാവിനെ പ്രാപിച്ച് വൻകാര്യങ്ങളെ പ്രസ്താവിച്ചു വരുന്ന കൂട്ടത്തിലുണ്ടായിരുന്നതായി ചരിത്രം പറയുന്നു (പ്രവൃ. 1:14). ക്രൂശിന്റെ ഫലമായി സ്ത്രീയ്ക്ക് ലഭിച്ച പദവിയും ശക്തിയും അളവറ്റതായിരുന്നു.

ക്രൂശിൽ സ്ത്രീകൾക്കു ലഭിച്ച പുതിയ സ്വാതന്ത്ര്യം പഴയ യഹൂദ രീതികൾക്കു നേരെ വിപരീതമായിരുന്നതിനാൽ ആദിമ ക്രിസ്ത്യാനികൾക്കിടയിൽ സ്ത്രീ പുരുഷഭേദം നിലനിന്നിരുന്നു. ഉയിർപ്പിന്റെ സന്ദേശമാണ് ക്രിസ്തുമാർഗ്ഗത്തിന്റെ ഹൃദയസ്പന്ദനം. ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം എന്ന് പൗലോസ് പറയുന്നു (1 കൊരി. 15:17). സ്ത്രീകൾക്ക് ജീവിതത്തിൽ ഒരു ശ്രേഷ്ഠസ്ഥാനമുണ്ട്. സ്ത്രീകൾ തങ്ങളുടെ വീട്ടിലും ഭർത്താക്കന്മാരുടെമേലും വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. തൊട്ടിലാട്ടുന്ന കരങ്ങളാണ് ലോകത്തെ മറിക്കുന്നത് എന്ന് ആരോ പറഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കു നിസ്സീമമായ ഒരു ശുശ്രൂഷയുണ്ട്. യേശു പറഞ്ഞത് ചെയ്യണമെങ്കിൽ സാക്ഷ്യത്തിനും ആത്മാക്കളെ നേടുന്നതിനും ലോകം മുഴുവനും അവർ വയലുകളായി കണ്ട് പ്രവർത്തിക്കണം. അതെ, ക്രൂശിന്റെ നിഴൽ സ്ത്രീയുടെ അഭയമാണ്. ഉയർപ്പിന്റെ സ്ഥലമാണ്. ●



സ്പെഷ്വൽ ഗാനവും സംഗീതവും. സിസ്റ്റർ ജിജി സാം, ബ്രദർ ജീസൺ



# ക്രിസ്തുവിന്റെ ക്രൂശും ക്രിസ്ത്യാനിയുടെ ക്രൂശും



**ഡോ. കെ. പി. സാം**
ഫാക്കൽറ്റി, ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി, കുമ്പനാട്

**ക്രിസ്തീയ** സമൂഹം ആദരവോടും ബഹമാനത്തോടും കാണുന്ന ക്രൂശിന്റെ ചരിത്രം അതി പുരാതനമാണ്. യേശുവിന്റെ ജനനത്തിന് മുമ്പുതന്നെ പുരാതന ബാബിലോണിലും പിന്നീട് സിറിയ, ഈജിപ്റ്റ്, ഗ്രീസ്, പേർഷ്യ കൂടാതെ യൂറോപ്പിലും ആഫ്രിക്കയിലും മതചിഹ്നമായും ആരാധനയുമായി ബന്ധപ്പെട്ടും ക്രൂശിന്റെ രൂപം ഉപയോഗിച്ചിരുന്നു. ഗ്രീക്ക് അക്ഷരമാലയിലെ "Ta" എന്ന അക്ഷരത്തിന്റെ T രൂപത്തിലുള്ള ക്രൂശിന്റെ രൂപം പാഗൺ മതവിശ്വാസികളാണ് ഉപയോഗിച്ചിരുന്നത്. ഈ രൂപം ഈജിപ്തിലെ ക്രിസ്ത്യാനികൾ കടമെടുക്കുകയും ഈജിപ്ഷ്യൻ കുരിശ് എന്ന പേരിൽ പിന്നീട് അറിയപ്പെടുകയും ചെയ്തു. ഇപ്പോൾ ഇത് ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിന് മൂന്ന് നൂറ്റാണ്ടുകൾക്കുശേഷം റോമൻ ചക്രവർത്തിയായിരുന്ന കുസ്തന്തിനോസിന്റെ മതപരിവർത്തനത്തിനു ശേഷമാണ് ക്രിസ്ത്യാനികൾ ക്രൂശിന്റെ രൂപം മതചിഹ്നമായി ഉപയോഗിക്കുവാൻ തുടങ്ങിയത്. റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ക്രിസ്ത്യാനികളുടെ ചിഹ്നമായി ക്രുശിനെ കരുതുന്നു,

റോമൻ ഭരണാധികാരികൾ വധശിക്ഷ നടപ്പാക്കിയിരുന്നത് രണ്ട് രീതികളിലായിരുന്നു. ഒന്നാമത്തേത് ക്രൂശിൽ തൂക്കിക്കൊല്ലുക. രണ്ടാമത്തേത് തലവെട്ടി കൊല്ലുക. റോമൻ പൗരത്വം ഇല്ലാതിരുന്നവരെ അധികം വേദനയോടെ കൊല്ലുവാനാണ് ക്രൂശുമരണം നടപ്പാക്കിയിരുന്നത്. റോമൻ പൗരത്വം ഉണ്ടായിരുന്ന പൗലോസിനെ തലവെട്ടി കൊല്ലുകയും റോമൻ പൗരത്വം ഇല്ലാതിരുന്ന യേശുവിനെ ക്രൂശിച്ചു കൊല്ലുകയും ചെയ്തുവെന്നത് പ്രസക്തമാണ്. റോമൻ ഭരണകാലത്ത് അനേകർ ക്രൂശിക്കപ്പെട്ടിട്ടുണ്ടെങ്കിലും യേശുവിന്റെ ക്രൂശുമരണത്തോടെയാണ് ക്രൂശിന്റെ രൂപം വിഖ്യാതമായി തീർന്നത്.

പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ യേശുക്രിസ്തുവിന്റെ ജഡാവതാരവും ജനനവും പരസ്യശുശ്രൂഷയും ക്രൂശീകരണവും മരണവും ഉയർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും എല്ലാം ഒരു സംഭവത്തിന്റെ വെളിപ്പെടുത്തലുകളാണ് (Christ event). ക്രൂശീകരിക്കപ്പെട്ട


ദൈനു ദാസ്


അഞ്ജന കെ.എസ്.


ജ്യോതി റാണ

## ചരിത്രത്തിൽ

**നടന്ന ഒരു സംഭവം മാത്രമല്ല യേശുവിന്റെ ക്രൂശീകരണം. ക്രൂശിൽ കിടക്കുമ്പോൾ സകലവും നിവൃത്തിയായി എന്നു പറഞ്ഞാണ് യേശു പ്രാണനെ വിട്ടത്. പിതാവായ ദൈവത്തിൽ നിന്നും പാപം നിമിത്തം അകന്നുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടും ദൈവത്തോട് അടുപ്പിക്കുവാൻ ദൈവം തെരഞ്ഞെടുത്ത മാർഗ്ഗമാണ് ക്രൂശുമരണം.**

ദൈവിക പ്രവൃത്തിയാണ് സുവിശേഷം. അപ്പോസ്തോലിക കാലത്ത് സുവിശേഷം യേശുക്രിസ്തുവിനെ പൊതുലോകത്തിൽ വരച്ചു കാണിക്കുന്നതായിരുന്നു. പുൽത്തൊട്ടിലിൽ കിടക്കുന്ന ശിശുവായ യേശുവും തച്ചന്റെ ജോലി ചെയ്ത ചെറുപ്പക്കാരനും ഗലീലയിലെ പ്രസംഗകനും ശൂന്യമായി കിടക്കുന്ന കല്ലറയുമല്ല, യേശുക്രിസ്തുവിന്റെ ക്രൂശുമരണമാണ് (ഗലാ. 3:11) സുവിശേഷത്തിന്റെ ഉള്ളടക്കം. അതിപ്രധാനമായ അർ ത്ഥങ്ങളും അതിന്റെ പ്രായോഗികതയും ചുരുക്കമായി വിവരിക്കട്ടെ.

### ദൈവസ്നേഹം

ലോകചരിത്രത്തിൽ നാളിതുവരെ കണ്ടിട്ടില്ലാത്ത നിർമ്മലമായ സ്നേഹത്തിന്റെ വെളിപ്പെടുത്തലും പരപ്രേരണ കൂടാതെയുള്ള ലക്ഷ്യത്തിന്റെ വ്യക്തതയും അയോഗ്യരായ പാപികൾക്കുവേണ്ടി ദൈവം തന്നെത്താൻ നല്കിയ സ്നേഹത്തിന്റെ ഏറ്റവും വലിയ വെളിപ്പെടുത്തലുമാണ് യേശുക്രിസ്തുവിന്റെ കാൽവറിയിലെ ക്രൂശ്.

ലോകത്തിൽ കാണപ്പെടുന്ന സ്നേഹത്തിൽ വൈരുദ്ധ്യങ്ങൾ ദൃശ്യമാണ്. വൈകാരികമായ സ്നേഹമാണ് കൂടുതലും കാണപ്പെടുന്നത്. സ്നേഹത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു എന്നു മാത്രമല്ല എല്ലായ്പ്പോഴും എല്ലാവരോടും ഒരുപോലെ പെരുമാറാനും കഴിയുന്നില്ല. ഈ പശ്ചാത്തലത്തിൽ ദൈവസ്നേഹത്തിന്റെ പ്രത്യേകതകൾ എടുത്തു പറയേണ്ടവയാണ്. ഒന്നാമത് വില നൽകിയാണ് ദൈവം മനുഷ്യനെ സ്നേഹിക്കുന്നത് (Costly love). സ്വന്തം പുത്രനെ മനുഷ്യസമൂഹത്തെ രക്ഷിക്കുവാൻ വേണ്ടി മറുവിലയായി കൊടുത്തു. രണ്ടാമത് ദൈവത്തിന്റെ സ്നേഹം പരിപാലിക്കുന്ന സ്നേഹമാണ് (Caring Love). "അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു." നമ്മുടെ ദൈവം സൃഷ്ടാവും പരിപാലകനുമാണ്. മൂന്നാമതായി ദൈവസ്നേഹം നിലനിൽക്കുന്ന സ്നേഹമാണ് (Constant love). യേശു തന്റെ ശിഷ്യന്മാരെ അവസാനത്തോളം സ്നേഹിച്ചു (യോഹ. 13:1). പ്രവാചക പുസ്തകത്തിൽ ദൈവത്തെക്കുറിച്ചും ഇതേ നിലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "നരയ്ക്കുവോളം ചുമക്കാം" എന്നുള്ള ദൈവിക വാഗ്ദത്തം കാണാം. കൂടാതെ ആയുഷ്കാലം മുഴുവൻ എന്ന് (സങ്കീ. 23:6) കാണുന്നു.

ദൈവസ്നേഹത്തിന്റെ പാരമ്യമാണ് ക്രൂശിൽ നാം കാണുന്നത്. നല്ലവർക്കുവേണ്ടി മരിക്കുവാൻ ആളുകൾ തയ്യാറാകും. അതുപോലെതന്നെ ഗുണവാന്മാർക്കു വേണ്ടിയും ജനങ്ങൾ മരിക്കും. എന്നാൽ പിതാവായ ദൈവം പാപികളും ദൈവത്തോട് ശത്രുക്കളുമായിരുന്ന മനുഷ്യവർഗ്ഗത്തിനുവേണ്ടി തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16). ദൈവം സൃഷ്ടിച്ച പുരാതന ലോകത്തെയോ പാപം ചെയ്ത ദൂതന്മാരെയോ ദൈവം ആദരിച്ചില്ല (2 പത്രോ. 2:5). എന്നാൽ പാപം ചെയ്ത മനുഷ്യനെ ദൈവം സ്നേഹിച്ചു. അവൻ തന്റെ ഇഷ്ടപ്രകാരം വചനത്താൽ നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (യാക്കോ. 1:18). ഉല്പത്തി മുതൽ വെളിപ്പാടു വരെ ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലുകളും ആ സ്നേഹത്തിന്റെ സാർവ്വത്രികതയും ദർശിക്കുവാൻ കഴിയും.

പാപം നിമിത്തം ദൈവത്തിൽ നിന്നും അകന്ന മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുവാൻ ദൈവം കാണിച്ചുകൊടുത്ത മാർഗ്ഗമാണ് യാഗങ്ങൾ. പാപത്തിന് താൽക്കാലിക പരിഹാരം വരുത്തുവാനേ യാഗങ്ങൾക്ക് സാധിച്ചിരുന്നുള്ളൂ എന്ന് യാഗങ്ങൾ ആവർത്തിച്ചിരുന്നതിൽ നിന്നും മനസ്സിലാക്കാം. യിസ്രായേൽ അനുഷ്ഠിച്ചിരുന്ന എല്ലാ യാഗങ്ങളും കാൽവറിയിൽ നടക്കുവാനിരുന്ന യേശുക്രിസ്തുവിന്റെ യാഗത്തിന്റെ നിഴലും ദൈവപുത്രന്റെ ക്രൂശുമരണം യാഗങ്ങളുടെ പൂർത്തീകരണവും ആയിരുന്നു. മുൻവിധി കൂടാതെ യേശുക്രിസ്തുവിന്റെ ക്രൂശുമരണം ശ്രദ്ധിച്ചാൽ ദൈവസ്നഹം അറിയുന്നതിനും ഇതിന് തുല്യമായ സ്നേഹം മറ്റൊരിടത്തുനിന്നും ലഭിക്കുകയില്ലെന്നും മനസ്സിലാക്കുവാനും സാധിക്കും. മനുഷ്യസമൂഹത്തിന് വിരോധവും പ്രതികൂലവുമായിരുന്ന 'പാപത്തിന്റെ ശമ്പളം മരണമത്രെ' എന്ന കൈയ്യെഴുത്ത് മായിച്ച് മനുഷ്യനെ രക്ഷിക്കുവാനായി ക്രൂശിലൂടെ വെളിപ്പെടുത്തിയ സ്നേഹമാണ് രക്ഷ.

### രക്ഷ

ചരിത്രത്തിൽ നടന്ന ഒരു സംഭവം മാത്രമല്ല യേശുവിന്റെ ക്രൂശീകരണം. ക്രൂശിൽ കിടക്കുമ്പോൾ സകലവും നിവൃത്തിയായി എന്നു പറഞ്ഞാണ് യേശു പ്രാണനെ വിട്ടത്. പിതാവായ ദൈവത്തിൽ നിന്നും പാപം നിമിത്തം അകന്നുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടും ദൈവത്തോട് അടുപ്പിക്കുവാൻ ദൈവം തെരഞ്ഞെടുത്ത മാർഗ്ഗമാണ് ക്രൂശുമരണം. ദൈവീക പദ്ധതികളുടെ രഹസ്യങ്ങൾ പൂർണ്ണമായി വെളിപ്പെടുത്തപ്പെട്ടിട്ടില്ല. പൗലോസ് പറയുന്നത് ഇന്ന് നാം ഭാഗികമായി അറിയുന്നു പൂർണ്ണമായി പിന്നീടറിയും എന്നാണ്. മനുഷ്യന്റെ പാപത്തിനും പാപത്തിന്റെ ഫലമായുണ്ടായ ശാപത്തിനും എന്നേക്കുമായുള്ള പരിഹാരം കാൽവറി ക്രൂശിലൂടെയാണ് സാധ്യമാക്കിയത് (എബ്രാ. 9:13).





മിസ്സസ് അന്നമ്മ മാത്യൂസ് (ഹെഡ്മിസ്ട്രസ്, ബാലഭവൻ സ്കൂൾ), അഭ്യുദയകാംക്ഷികൾ എന്നിവർ ഐ.ബി.സി. സ്റ്റാഫിനോടൊപ്പം





ഈവനിംഗ് ക്ലാസ്സ് ഗ്രാജുവേറ്റ്സ്

# യേശുവിന്റെ

**ക്രൂശിലേക്ക് നോക്കുന്ന ഒരു മനുഷ്യനോട് ഏപ്പോഴും സംവദിക്കുന്ന സന്ദേശം ഇപ്രകാരമാണ്. നിങ്ങൾ നിമിത്തം ഞാൻ ക്രൂശിതനായി. നിങ്ങളുടെ പാപം നിമിത്തം ഞാൻ സഹിക്കേണ്ടി വന്നു. നിങ്ങളുടെ ശാപം ഞാൻ അനുഭവിച്ചു. നിങ്ങളുടെ കടം ഞാൻ കൊടുത്തുതീർത്തു. നിങ്ങൾ മരിക്കേണ്ട സ്ഥാനത്ത് ഞാൻ മരിച്ചു. ഒരുവൻ ക്രൂശിന്റെ ചുവട്ടിൽ വരികയും യേശുക്രിസ്തുവിന്റെ ക്രുശൂമരണം സ്വന്തം മരണമായി അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്.**

യേശുവിന്റെ ക്രൂശിലേക്ക് നോക്കുന്ന ഒരു മനുഷ്യനോട് ഏപ്പോഴും സംവദിക്കുന്ന സന്ദേശം ഇപ്രകാരമാണ്. നിങ്ങൾ നിമിത്തം ഞാൻ ക്രൂശിതനായി. നിങ്ങളുടെ പാപം നിമിത്തം ഞാൻ സഹിക്കേണ്ടി വന്നു. നിങ്ങളുടെ ശാപം ഞാൻ അനുഭവിച്ചു. നിങ്ങളുടെ കടം ഞാൻ കൊടുത്തുതീർത്തു. നിങ്ങൾ മരിക്കേണ്ട സ്ഥാനത്ത് ഞാൻ മരിച്ചു. ഒരുവൻ ക്രൂശിന്റെ ചുവട്ടിൽ വരികയും യേശുക്രിസ്തുവിന്റെ ക്രുശൂമരണം സ്വന്തം മരണമായി അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു (1 കൊരി. 15:3). യേശുക്രിസ്തു ഒരിക്കൽ എല്ലാവർക്കും വേണ്ടി മരിച്ചു (റോമ. 6:10). പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കപ്പെട്ടു (2 കൊരി. 5:21).


ദൈവകല്പന ലംഘിച്ചതിലൂടെ ദൈവസംസർഗ്ഗത്തിൽ നിന്നും മനുഷ്യൻ അകലുകയും അനുസരണക്കേടിനാൽ സ്വയം ദൈവശിക്ഷയ്ക്ക് അർഹനായി തീരുകയും ചെയ്തു. പാപം ചെയ്യുന്ന ദേഹി മരിക്കും എന്ന ദൈവിക നിയമപ്രകാരം മനുഷ്യൻ മരണത്തിനധീനനായി. ഇപ്രകാരമുള്ള അവസ്ഥയിൽ നിന്നും മനുഷ്യനെ രക്ഷിക്കുവാൻ ന്യായപ്രമാണത്തിനോ മനുഷ്യന്റെ പ്രവർത്തികൾക്കോ കഴിയാതിരുന്നപ്പോൾ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ പാപം നിമിത്തം ലോകത്തിലേക്കയച്ചു. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. സമാധാനത്തിനായുള്ള നമ്മുടെ ശിക്ഷ അവന്റമേൽ ആയി. മനുഷ്യവർഗ്ഗം അനുഭവിക്കേണ്ട പാപത്തിന്റെ ശമ്പളമായ ശിക്ഷയിൽ നിന്നും വിടുവിക്കുവാനായി ദൈവം ഒരുക്കിവച്ച രക്ഷാപദ്ധതിയാണ് യേശുക്രിസ്തുവിന്റെ ക്രൂശുമരണം. വിശ്വസിക്കുന്ന ഏവർക്കും നിത്യ രക്ഷ ലഭിക്കുന്നതിന് യേശുക്രിസ്തുവിന്റെ ക്രൂശ് മുഖാന്തിരമായിത്തീർന്നു

## ക്രിസ്ത്യാനിയുടെ ക്രൂശ്

ദൈവസ്നേഹത്തിന്റെയും നിത്യരക്ഷയുടെയും വഴിയായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിച്ചുകൊണ്ട് ക്രിസ്തുവിന്റെ കാൽചുവടുകൾ പിൻതുടരുന്നവരാണ് ശിഷ്യന്മാർ. യേശു അനുഭവിക്കുവാൻ പോകുന്ന ക്രൂശുമരണത്തെക്കുറിച്ച് തന്നെ അനുഗമിച്ച ശിഷ്യന്മാരോട് പറഞ്ഞപ്പോൾ പത്രോസ് യേശുവിനെ തടസ്സപ്പെടുത്തി. അപ്പോൾ യേശു പത്രോസിനോട് നീ ദൈവത്തിന്റെ വഴിയല്ല, മനുഷ്യരുടെ വഴിയാണ് കരുതുന്നത് എന്നാണ് പറഞ്ഞത് (മത്താ. 16:22, 23). ഇവിടെ ക്രൂശീകരണത്തെ വഴിയോടാണ് യേശു ഉപമിച്ചത്. പിതാവെനിക്ക് ചെയ്യുവാൻ തന്ന പ്രവൃത്തി ഞാൻ തികച്ചിരിക്കുന്നു എന്നാണ് യേശു പറഞ്ഞത്. പിതാവായ ദൈവത്തെ അനുസരിച്ച പുത്രനായ ക്രിസ്തുവിനെയാണ് നാം മാതൃക ആക്കേണ്ടത്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ധന്യമായ ജീവിതത്തിന്റെ പൂർത്തീകരണമായിരുന്നു കാൽവറി ക്രൂശിലെ മരണമെങ്കിൽ പിതാവായ ദൈവം കല്പിച്ചാക്കിയ വഴിയുടെ അവസാന മണിക്കൂറുകളിലെ ഒരു സംഭവമാണ് ക്രൂശുമരണം.

ക്രൂശിന്റെ വഴി തെരഞ്ഞെടുത്തവരാണ് യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ. ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ക്രൂശ് നിത്യതയിലേക്കുള്ള വഴിയാണ്. യേശു പറഞ്ഞു ദിവസവും ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കണം (ലൂക്കോ. 9:23).

ഈ മാർഗ്ഗം ഇടുക്കമുള്ളതാകയാൽ പ്രയാസങ്ങളും പ്രതിസന്ധികളും ജീവിതത്തിൽ ഉണ്ടാവും. ക്രിസ്തുവേശുവിൽ ഭക്തിയോടെ ജീവിക്കുവാനാഗ്രഹിക്കുന്ന എല്ലാവർക്കും ജഡത്തിൽ ഉപദ്രവമുണ്ടാകും (2 തിമോ. 3:12) എന്ന് പൗലോസ് അപ്പോസ്തലനും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ക്രിസ്ത്യാനിയുടെ ജീവിതം എന്ന സാക്ഷ്യത്തിന്റെ പൂർത്തീകരണത്തിന്റെ ഭാഗമായും ഉപദ്രവം ഉണ്ടാകും. 'ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ ക്രിസ്തുവിന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു' (കൊലോ. 1:24). ഫിലി. 2:17-ൽ 'നിങ്ങളെ വിശ്വാസത്തിൽ നിലനിർത്തുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴുക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും' എന്നാണ് വായിക്കുന്നത്. ഈ ലോകജീവിതത്തിൽ എല്ലാവർക്കും കഷ്ടതയുണ്ട്. എബ്രായ കവിതയിൽ "ഞങ്ങളുടെ ആയുഷ്ക്കാലം എഴുപത് സംവത്സരം ഏറെയായാൽ എൺപത് സംവത്സരം അതിന്റെ പ്രതാപം പ്രയാസവും ദുഃഖവും അത്രെ" എന്നാണ്. പുതിയനിയമ കാഴ്ചപ്പാടിൽ കഷ്ടതയെ ക്രൂശിനോട് ഉപമിക്കുകയല്ല ക്രൂശിന്റെ വഴിയിൽ കഷ്ടതയുണ്ടാകും എന്നാണ്. അതോടൊപ്പം ഉയർത്തെഴുന്നേറ്റ ക്രിസ്തു സാന്നിദ്ധ്യവും നമ്മോടു കൂടെയുണ്ട്. ഈ ഉറപ്പാണ് മറ്റുള്ളവരിൽ നിന്നും ക്രിസ്ത്യാനിയെ വ്യത്യസ്തനാക്കുന്നത്. മനുഷ്യന് മരണത്തിനപ്പുറം ഉപകാരപ്പെടുന്ന ഏക പുസ്തകം ബൈബിളും ഏക സന്ദേശം സുവിശേഷവുമാണ്. ക്രൂശിന്റെ സന്ദേശമായ രക്ഷയുടെയും ദൈവസ്നേഹത്തിന്റെയും സന്ദേശവാഹകരാണ് ഓരോ ക്രിസ്ത്യാനിയും. ●









# ക്രൂശിന്റെ നിസ്തുലത



പാസ്റ്റർ ബാബു ചെറിയാൻ

**നിസ്തുലനായ** ക്രിസ്തു ക്രൂശിൽ കയറിയില്ലായിരുന്നു എങ്കിൽ ക്രൂശ് ഇന്നെവിടെ കിടക്കുമായിരുന്നു? പണ്ടൊരു കാലത്ത് കിരാത ഭരണത്തിനുപയോഗിച്ചിരുന്ന ക്രൂരമായ കൊലമരമല്ലേ ഈ സാധനം? ഇന്നത് ദേവാലയങ്ങളുടെ അന്തർ മന്ദിരത്തിലും അത്യുന്നത സ്ഥാനങ്ങളിലും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ലോകം മുഴുവനുമുള്ള ജനഹൃദയങ്ങളിൽ ക്രൂശിനൊരു ബഹുമാനമുണ്ട്. അതിനു കാരണം യേശു മാത്രമാണെന്ന് എല്ലാവർക്കും അറിയാം. ശാപകരമായ മരണത്തിന് ഉപയോഗിച്ചിരുന്നു ഈ വസ്തുവിനെ ഭയത്തോടെ മാത്രമേ മനുഷ്യർ ഓർക്കുകയുള്ളൂ. കാരണം ഭംഗിയോ ആകർഷകത്വമോ ഈ വസ്തുവിനില്ല. വെറും സാധാരണ തടികൊണ്ടാണിത് നിർമ്മിച്ചിട്ടുള്ളത്. കൊലക്കളത്തിലല്ലാതെ യാതൊരു ബഹുമാനിക്കപ്പെടേണ്ട സ്ഥലത്തും ഈ വസ്തുവിനെ ആരും വയ്ക്കാറില്ല. പക്ഷെ യേശു അതിനെ സ്പർശിച്ചതോടെ അതിന്റെ സ്ഥിതി മാറി. സ്തോത്രം.

ഇതുതന്നെയല്ലേ നമ്മുടെയും കഥ. ക്രൂശിനൊരു സാക്ഷ്യം പറയാൻ ആവശ്യപ്പെട്ടാൽ അതു പറയും ഞാൻ ആരാലും അറിയപ്പെട്ടിരുന്നില്ല. വളരെ വിലകുറഞ്ഞ വസ്തുവായിരുന്നു. മാന്യന്മാരാരും എന്നെ സമീപിച്ചിരുന്നില്ല. എന്നെ സ്പർശിച്ചിരുന്നത് ആരാച്ചാരന്മാരും കുറ്റവാളികളും മാത്രമായിരുന്നു എന്റെ അടുക്കൽ വന്ന ആരും ചിരിച്ചിട്ടില്ല. ഞാൻ ആരെയെങ്കിലും ചുമന്നിട്ടുണ്ടെങ്കിൽ എന്നെ ആരെങ്കിലും ചുമന്നിട്ടുണ്ടെങ്കിൽ അവരെല്ലാം മൺമറഞ്ഞു പോയിട്ടുണ്ട്. എന്നോടു ബന്ധപ്പെട്ടവരാരും ജീവിച്ചിരുന്നിട്ടില്ല. അതുകൊണ്ട് എല്ലാവരും ഭയത്തോടെയാണ് നോക്കുന്നത്. ഞാൻ ഭയത്തിന്റെ ചിഹ്നവും മരണത്തിന്റെ അടയാളവുമായിരുന്നു. എന്നാൽ 2000 വർഷം മുമ്പ് ഒരു മനുഷ്യൻ-ഒരു അസാധാരണ മനുഷ്യൻ-എന്നെ സമീപിച്ചു. അവൻ മാത്രം മനസ്സോടെ തന്നെ ക്രൂശിൽ തറയ്ക്കുവാൻ അനുവദിച്ചു.



ഗ്രാഡുവേഷനിൽ തീം സോങ്ങ് ആലപിക്കുന്നു

**പാപത്തിനു**

**ശിക്ഷ കൃത്യമായി നടത്തുകയും മനുഷ്യനോടുള്ള സ്നേഹം അല്പവും കുറയ്ക്കാതെ വെളിപ്പെടുത്തുകയും ചെയ്ത സ്ഥലമാണ് കാൽവറി. ഈ മർമ്മം സാധാരണ മനുഷ്യനു മനസ്സിലാകുന്നതല്ല. ഇതാണ് ക്രൂശിനെ വ്യത്യസ്തമാക്കുന്ന മഹൽ സത്യം.**

അവൻ മാത്രം ക്രൂശിനെയോ തറയ്ക്കുന്നവരേയോ കുറ്റം പറഞ്ഞില്ല. ശപിച്ചില്ല, എന്നു മാത്രമല്ല എല്ലാവരോടും ക്ഷമിക്കണമേ എന്നുള്ള പ്രാർത്ഥനയാണ് ചരിത്രത്തിൽ ആദ്യമായി ക്രൂശിൽ നിന്നും മുഴങ്ങിയത്. ശാപത്തിന്റെയും കോപത്തിന്റെയും ശബ്ദങ്ങൾ മാത്രം മുഴങ്ങിയിരുന്ന സ്ഥാനത്തു നിന്ന് അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും വാക്കുകൾ മുഴങ്ങി. ക്രൂശിന്റെ ചരിത്രം തന്നെ അവൻ തിരുത്തിക്കുറിച്ചു. അതെ ആ അത്ഭുത മനുഷ്യൻ ക്രൂശിൽ തൂങ്ങിയ ശേഷം ചരിത്രം തന്നെ മാറി.

ഇതു നമ്മുടെയും കഥയല്ലേ. നമ്മുടെ ചരിത്രം അവൻ മാറ്റിയില്ലേ? യേശു നമ്മെ സ്വാധീനിച്ചശേഷം നമ്മുടെ അവസ്ഥയ്ക്കു മാറ്റം എത്ര വർണ്ണിച്ചാലും തീരുകയില്ല. എന്നാൽ ക്രൂശിന്റെ അതുല്യത ഉതിൽ ഒന്നും ഒതുങ്ങുന്നതല്ല. മൂന്നു തിരുവചന ഭാഗങ്ങൾ നമുക്ക് ശ്രദ്ധിക്കാം.

### 1. ലൂക്കോസ് 16:31–34

"അനന്തരം അവൻ പന്തിരുവരെ കൂട്ടിക്കൊണ്ട് അവരോട് ഇതാ നാം യരുശലേമിലേക്കു പോകുന്നു. മനുഷ്യപുത്രനെക്കുറിച്ച് പ്രവാചകന്മാർ എഴുതിയിരിക്കുന്നതെല്ലാം നിവർത്തിയാകും. അവനെ ജാതികൾക്കു ഏൽപിച്ചു കൊടുക്കും. അവർ അവനെ പരിഹസിച്ച് അപമാനിച്ച് തുപ്പി തല്ലീട്ടു കൊല്ലുകയും മൂന്നാം നാൾ അവൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും എന്നു പറഞ്ഞു. അവരോ ഇതൊന്നും ഗ്രഹിച്ചില്ല. ഈ വാക്ക് അവർക്ക് മറവായിരുന്നു. പറഞ്ഞതും അവർ തിരിച്ചറിഞ്ഞതുമില്ല."

എന്താണിവിടുത്തെ പ്രശ്നം? മനസ്സിലാക്കാൻ പറ്റാത്ത കാര്യമെന്താണ്. ഭാഷാ പ്രശ്നമാണോ? ഒരു നാളുമില്ല. പിന്നെന്താണ്? അംഗീകരിക്കാൻ പ്രയാസമാണ്. അതെ ക്രൂശ് എന്ന സത്യം അംഗീകരിക്കാൻ അവരുടെ മനസ്സ് പാകമായിരുന്നില്ല. കർത്താവായ യേശുവിൽ അവർ കണ്ടത് ദൈവത്തെയാണ്. ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു (യോഹ. 1:14). സർവ്വശക്തനായ ദൈവത്തെ അവർ മനുഷ്യനായ ക്രിസ്തുവേശുവിൽ കണ്ടു. ദൈവത്തെ കൊല്ലാൻ ആർക്കു കഴിയും? ദൈവത്തെ തുപ്പി, തല്ലി, അപമാനിച്ച് ക്രൂശിൽ തറയ്ക്കുക എന്നതു ചിന്തിക്കാൻ പോലും അവർ വളർന്നിരുന്നില്ല. ഈ വാക്ക് അവർക്കു മറവായിരുന്നു എന്നെഴുതിയിരിക്കുന്നതു പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. അതുകൊണ്ടാണ് അവർ അതു ഗ്രഹിക്കാതിരുന്നത്.

### 2. മർക്കോസ് 2:30–32

അവിടെനിന്ന് അവർ പുറപ്പെട്ടു ഗലീലയിൽ കൂടി സഞ്ചരിച്ചു. അത് ആരും അറിയരുത് എന്നവൻ ഇച്ഛിച്ചു. അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച് അവരോട്: മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും അവർ അവനെ കൊല്ലും. കൊന്നിട്ടു മൂന്നുനാൾ കഴിഞ്ഞ ശേഷം അവൻ ഉയർത്തെഴുന്നേൽക്കും എന്നു പറഞ്ഞു. ആ വാക്ക് മാത്രം മനസ്സിലാകുന്നില്ല. തിരിച്ചു ചോദിക്കുവാൻ ഭയവുമാണ്.

### 3. മത്തായി 15:21

അന്നു മുതൽ യേശു താൻ യരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ചു തുടങ്ങി. പത്രോസ് അവനെ വേറിട്ടു കൊണ്ടുപായി കർത്താവേ അരുതേ നിനക്കു അങ്ങനെ ഭവിക്കരുതേ എന്ന് ശാസിച്ചു തുടങ്ങി. അവനോ തിരിഞ്ഞു പത്രോസിനോടു "സാത്താനേ എന്നെ വിട്ടുപോ. നീ എനിക്കു ഇടർച്ച ആകുന്നു. നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രെ കരുതുന്നത് എന്നു പറഞ്ഞു."





ജെഹോശേബ വി.എൽ.



കർത്താവിന്റെ കഷ്ടാനുഭവങ്ങളും ക്രൂശുമരണവും മുൻകൂട്ടി പ്രവചിക്കുന്നതു കേട്ടപ്പോൾ അരുമ ശിഷ്യൻ ഇടറുന്നു. പത്രോസ് കർത്താവിനെ ശാസിക്കുന്നു. അത്രമാത്രം വൈഷമ്യമുള്ളതാണ് ക്രൂശ് എന്ന സത്യമാണ് ഇവിടെയും തെളിവാകുന്നത്. ഒടുവിൽ യേശു തന്നെ പത്രോസിനെ സാത്താനെ എന്നു വിളിക്കുന്നു. നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രെ ചിന്തിക്കുന്നത്. എന്നാണ് കർത്താവ് പറഞ്ഞത് ഇവിടെ ദൈവത്തിന്റെയാണ് ക്രൂശ്. മനുഷ്യരുടേത് ക്രൂശ് ഒഴിവാക്കലാണ്. സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തമായിരുന്നു. അങ്ങനെ രക്ഷകനായ യേശുവിന്റെ കഷ്ടാനുഭവവും ക്രൂശുമരണവും ദൈവത്തിനു യുക്തമായിരുന്നു.

## ക്രൂശിൽ ദൈവം എന്തു വെളിപ്പെടുത്തി

രണ്ടു കാര്യമാണ് ദൈവം ക്രൂശിൽ വെളിപ്പെടുത്തിയത്. ഒന്ന് ദൈവത്തിന്റെ സ്നേഹം. രണ്ട് -ദൈവത്തിന്റെ നീതി. റോമർ 5:8-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു. “ക്രിസ്തുവോ പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.” കർത്താവ് ക്രൂശിൽ മരിക്കുമ്പോൾ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുകയായിരുന്നു. നമ്മുടെ ശിക്ഷ കർത്താവിന്റെ മേൽ ചുമത്തി; അവനെ ഒരു കുറ്റവാളിയെപ്പോലെ അപമാനിച്ച് പീഡിപ്പിച്ച് ക്രൂശിൽ തറയ്ക്കുമ്പോൾ സർവ്വശക്തനായ പിതാവായ ദൈവം മൗനമായി ഇതെല്ലാം കണ്ടുനിന്നു. ദൈവത്തിനു നമ്മോടുള്ള സ്നേഹം നിമിത്തം സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏൽപ്പിച്ചുതന്നവൻ അവനോടു കൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ?

മാത്രമല്ല റോമർ 3:25,26 വാക്യങ്ങളിൽ നീതിയെ പ്രദർശിപ്പിക്കുന്നത് കാണാം. “വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുന്നവനും ആകേണ്ടതിന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ അങ്ങനെ ചെയ്തതു.”

തന്റെ പുത്രനോട് അല്പം പോലും ദാക്ഷണ്യം കാണിക്കാതെ കഠിനവും ക്രൂരവുമായ പീഡനങ്ങൾക്കു വിധേയനാക്കിയപ്പോൾ പിതാവായ ദൈവം തന്റെ നീതി എന്ന മാറ്റാൻ പറ്റാത്ത സ്വഭാവം വെളിപ്പെടുത്തുകയായിരുന്നു. പാപത്തിനു ശിക്ഷ കൃത്യമായി നടത്തുകയും മനുഷ്യനോടുള്ള സ്നേഹം അല്പവും കുറയ്ക്കാതെ വെളിപ്പെടുത്തുകയും ചെയ്ത സ്ഥലമാണ് കാൽവറി. ഈ മർമ്മം സാധാരണ മനുഷ്യനു മനസ്സിലാകുന്നതല്ല. ഇതാണ് ക്രൂശിനെ വ്യത്യസ്തമാക്കുന്ന മഹൽ സത്യം.

ക്രൂശിന്റെ സ്വാധീനമാണ് (influence) മറ്റൊരു പ്രധാന രഹസ്യം. അന്ന് തന്റെ അടുത്തു കിടന്ന സമശിക്ഷാവിധിയിലായിരുന്ന കള്ളനെ കാര്യമായി സ്വാധീനിക്കുവാൻ കർത്താവിന്റെ ക്രൂശിന് കഴിഞ്ഞു. ജീവിതകാലം മുഴുവൻ ഒന്നിച്ചു പ്രവർത്തിച്ച് ഒന്നിച്ചു ജയിൽവാസം അനുഭവിച്ച് ഒന്നിച്ച് ക്രൂശിൽ എത്തിയ സ്നേഹിതനെ ശാസിച്ചുകൊണ്ട് അവനെ തള്ളി യേശുവിനെ കൊള്ളുവാൻ മാത്രം ക്രൂശ് കള്ളനെ എത്രമാത്രം സ്വാധീനിച്ചു എന്നു നോക്കുക. മാത്രമല്ല കഴിഞ്ഞ 2000 വർഷമായി ഇത്രയധികം വ്യക്തികളെ സ്വാധീനിച്ച മറ്റൊരു വസ്തുവുണ്ടോ; വ്യക്തിയുണ്ടോ. ക്രൂശിന്റെ ശത്രുവായിരുന്ന ശൗലിനെ ക്രൂശിന്റെ സാക്ഷിയും വക്താവും പ്രസംഗിയും ആക്കി മാറ്റിയത് തിരുവചനം വായിച്ചിട്ടുള്ള ഏതൊരാൾക്കും അറിയാവുന്ന ചരിത്രമാണല്ലോ. ക്രൂശിന്റെ വചനം എവിടെ പ്രസംഗിച്ചാലും ആയിരങ്ങൾ സ്വാധീനിക്കപ്പെടുന്നു. കാണ്മാൻ ആളല്ലെന്നു തോന്നുമാറ് വിരൂപനായി അർദ്ധനഗ്നനായി, കാണുന്നവർ മുഖം മറച്ചുകളയത്തക്കവിധം നിന്ദിതനായി കിടക്കുന്ന ഈ മനുഷ്യൻ ഇന്നും അനേകരെ സ്വാധീനിക്കുന്നതിന്റെ രഹസ്യം ആർക്കറിയാം. കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ലാത്തവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനുമായിരുന്ന ഈ മനുഷ്യൻ ഇത്രയും നീണ്ട കാലഘട്ടം, ഇത്രയും അധികം മനുഷ്യരെ ജാതിഭേദമില്ലാതെ ആകർഷിക്കുന്നത് മഹാത്ഭുതമല്ലേ?

പീഡിതരുടേയും രക്തസാക്ഷികളുടെയും നീണ്ട ഒരു നിര സഭാചരിത്രത്തിൽ ഉടനീളം കാണാനുണ്ട്. അന്നൊരുവൻ അനേകർക്കു വേണ്ടി ക്രൂശിൽ മരിച്ചു. അന്നുമുതൽ ഇന്നുവരെ എണ്ണിയാലൊടുങ്ങാത്ത വിശ്വാസവീരന്മാർ അവനുവേണ്ടി മരിക്കുവാനും പീഢനം സഹിക്കുവാനും തയ്യാറായി നിൽക്കുന്നു. ഈ കുറിപ്പെഴുതിക്കൊണ്ടിരിക്കുമ്പോൾ ഭാരതത്തിന്റെ മണ്ണിൽ നിന്ന് ക്രൂശിതനു വേണ്ടി പീഡനം സഹിക്കുന്നവരുടെ നിലവിളി കേൾക്കാൻ പറ്റുന്നുണ്ട്. വിവിധ വാർത്താമാധ്യമങ്ങളിലൂടെ ആ രോദനം നിങ്ങളുടെ കാതിലും എത്തുന്നില്ലേ?

രക്തസാക്ഷികളോടു ചേർന്ന്, പീഢിതരോടു ചേർന്ന് നമുക്കു പറയാം “സുവിശേഷത്തെ കുറിച്ചെനിക്കു ലജ്ജയില്ല. കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ ആപത്തോ വാളോ ഇവയൊന്നും കർത്താവിന്റെ സ്നേഹത്തിൽ നിന്നെന്നെ വേർപിരിക്കില്ല” എന്നു നമുക്ക് ഉറക്കെ പറയാം. എനിക്കോ നമ്മുടെ കർത്താവായ യേശുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുതേ. ●



















